## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2876** **18.06.2019 ൽ മറുപടിക്ക്**

**തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡ്**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം മണ്ഡലത്തിലെ തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡിനായി ജി. ഒ.(ആർ.ടി.) 83/2009 പി.ഡബ്ല്യൂ.ഡി. തീയതി 21-1-09 പ്രകാരം 580 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ന്യൂ ബൈപ്പാസിനും കുരൂർ ബ്രിഡ്ജിന്റെ നിർമ്മാണത്തിനും കൂടി 580 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ കുരൂർ പാലത്തിന് 240 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ബാക്കി തുക റോഡിന്റെ പ്രവൃത്തിക്കായുമാണ് സാങ്കേതികാനുമതി നൽകിയിരുന്നത്. |
| (ബി) 580 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായ പ്രസ്തുത പ്രവൃത്തിയിൽ ഇനിയും 328 ലക്ഷം രൂപ ശേഷിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഭാഗീകമായി മാത്രം പ്രവൃത്തി നടത്തിയിട്ടുള്ള പ്രസ്തുത റോഡിന്റെ നിലവിലുള്ള ഭരണാനുമതി പുതുക്കി നല്കണമെന്ന് ആവശ്യപ്പെട്ട് എക്സിക്യൂട്ടീവ് എൻജിനീയർ സർക്കാരിലേക്ക് നല്കിയ റിപ്പോർട്ടിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) സർക്കാരിൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റോഡിന്റെ നിലവിലുള്ള ഭരണാനുമതി പുതുക്കി നൽകുന്നതിനായി വിശദമായ റിപ്പോർട്ടും പുതുക്കിയ എസ്റ്റിമേറ്റും സമർപ്പിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| (ഡി) കോതമംഗലം ടൗണിന്റെ ബൈപാസ് ആയി വിഭാവനം ചെയ്തിട്ടുള്ളതും, ഏറെ ടൂറിസം പ്രാധാന്യമർഹിക്കുന്നതുമായ പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**